**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 547** **24-08-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി വായ്പകളുടെ തിരിച്ചടവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി വായ്പകളുടെ തിരിച്ചടവ് നിലവിൽ നടത്തുന്നത് സംസ്ഥാനത്തിന്റെ നികുതി/സെസ്സ് വരുമാനത്തിൽ നിന്നാണോ; വിശദാംശം നൽകാമോ; | (എ) | കേരളത്തിലെ അടിസ്ഥാന സൗകര്യ പദ്ധതികളിലേക്കായി പണം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ കിഫ് ആക്ട് 1999 ന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഒരു ബോഡി കോർപ്പറേറ്റ് ആണ് കിഫ്ബി. ഇതിലൂടെ ലക്ഷ്യംവെച്ചിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നതിന് അതിനെ പര്യാപ്തമാക്കുന്നതിനാണ് നിയമനിർമ്മാണം വഴി മുൻവർഷത്തിൽ ലഭിച്ച മോട്ടോർ വാഹന നികുതിയുടെ നിശ്ചിത വിഹിതവും പെട്രോളിയം സെസ്സും കണക്കാക്കിയുള്ള തുക സംസ്ഥാന സർക്കാർ നൽകിവരുന്നത്. ഇത് കിഫ് ആക്ട് മുഖാന്തിരം നിയമപ്രകാരം മുടക്കമില്ലാതെ കിഫ്ബിക്ക് നൽകേണ്ടതാണ്. ആക്ട് അനുശാസിക്കുന്ന പ്രകാരം കിഫ്ബിയുടെ പ്രവർത്തന ചെലവുകൾക്കും തിരിച്ചടവുകൾക്കും പദ്ധതി നിർവ്വഹണത്തിനും ഈ തുക പ്രയോജനപ്പെടുത്താവുന്നതാണ്.<br><br>കിഫ് ആക്ട് പ്രകാരം ഇത്തരം വിഹിതം കിഫ്ബിയുടെ പരിപൂർണ്ണ നിയന്ത്രണത്തിലുള്ള അതിന്റെ ആസ്തിയാണ്. ഇത് കിഫ്ബിയുടെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിൽ സൂചിപ്പിക്കുന്നപോലെ കോർപ്പസ് ഫണ്ട് ആയി മാറുന്നു. ഇത് സർക്കാരിന്റെ പ്ലാൻ അല്ലെങ്കിൽ നോൺ-പ്ലാൻ ചെലവുകളോ മറ്റ് സ്റ്റാറ്റ്യൂട്ടറി അല്ലെങ്കിൽ നോൺ-സ്റ്റാറ്റ്യൂട്ടറി കടമകൾ നിർവ്വഹിക്കുന്നതിനോ ആയിട്ടുള്ള ബജറ്ററി വിഭവമായോ കണക്കാക്കിയിട്ടില്ല. അതായത്, ഇത്തരത്തിൽ കിഫ്ബിയ്ക്ക് നിയമപ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന തുക സംസ്ഥാനത്തിന് അതിന്റെ വാർഷിക ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പ്രതിബദ്ധതകൾ നിറവേറ്റുന്നതിനുള്ള ഒരു വിഭവമായി കണക്കാക്കില്ല. ഈ തുക പൂർണ്ണമായും കിഫ്ബിയുടെ വിവേചനാധികാരത്തിൽ നൽകപ്പെട്ട തുകയാണ്. |

| | | | |
|---|---|---|---|
| | | | കിഫ്ബിയുടെ വായ്പകളുടെ തിരിച്ചടവ് മേൽ സൂചിപ്പിച്ചപോലെ ആക്റ്റ് പ്രകാരം ലഭിക്കുന്ന തുകയിൽ നിന്നും, വരുമാനദായകമായ പദ്ധതികളിൽ നിന്നുമുള്ള തിരിച്ചടവിൽ നിന്നും, നിക്ഷേപങ്ങളിൽ നിന്നും പലിശയായി ലഭിക്കുന്ന തുകയിൽ നിന്നുമാണ് നടത്തിവരുന്നത്. |
| (ബി) | ജനങ്ങളിൽ നിന്നും പിരിക്കുന്ന നികുതി/സെസ്സ് വരുമാനത്തിൽ നിന്നും വായ്പ തിരിച്ചടവ് നടത്തേണ്ട കിഫ്ബി സംവിധാനം പരസ്യയിനത്തിൽ കോടികളുടെ ചെലവ് നടത്തുന്നത് അവസാനിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | കിഫ്ബി വായ്പ്പകളിലൂടെ കണ്ടെത്തുന്ന തുക പദ്ധതി നിർവ്വഹണങ്ങളിലേക്കായി മാത്രമാണ് പ്രയോജനപ്പെടുത്തുന്നത്. ഇത് കിഫ്ബിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാറില്ല.<br><br>73000 കോടിയിലധികം രൂപയുടെ ബൃഹത്തായ പദ്ധതികളാണ് കിഫ്ബി ധനസഹായത്തോടെ നടപ്പാക്കിവരുന്നത്. ധനവിപണിയിൽ നിന്നും ഇത്രയും വലിയ നിക്ഷേപം കണ്ടെത്തുന്നതിന് വലിയ രീതിയിലുള്ള നിക്ഷേപക വിശ്വസ്യത ആവശ്യമാണ്. വളരെ ചുരുങ്ങിയ കാലയളവിൽ തന്നെ ആഭ്യന്തര-അന്താരാഷ്ട്ര നിക്ഷേപ സമൂഹത്തിന്റെ വിശ്വാസ്യത നേടിയെടുക്കുവാൻ കിഫ്ബിയ്ക്ക് അതിന്റെ പ്രവർത്തന മികവിലൂടെ സാധിച്ചു. എന്നാൽ കിഫ്ബിയെ സംബന്ധിച്ച് പൊതുസമൂഹത്തിനും നിക്ഷേപകർക്കുമുള്ള ഈ വിശ്വാസ്യത തകർക്കുന്നതിനും അതിന്റെ പ്രവർത്തനങ്ങളെ അട്ടിമറിക്കുന്നതിനുമായുള്ള ശ്രമങ്ങൾ പല കോണുകളിൽ നിന്നും നിരന്തരമായി വരുന്നുണ്ട് എന്ന് തിരിച്ചറിഞ്ഞ സാഹചര്യത്തിലാണ് കിഫ്ബിയ്ക്ക് മീഡിയ പ്രവർത്തനങ്ങൾക്ക് നേരിയ പ്രാധാന്യം കൊടുക്കേണ്ടിവന്നത്. ഇതുവഴി ചില മാധ്യമങ്ങളിലൂടെ നിരന്തരം വന്നുകൊണ്ടിരുന്ന വ്യാജവർത്തകളും അവയിലെ പൊള്ളത്തരങ്ങളും പൊതുജനങ്ങളുടെയും നിക്ഷേപകരുടെയും മുന്നിൽ യഥാസമയങ്ങളിൽ തുറന്ന് കാട്ടുന്നതിന് സാധിച്ചു. വസ്തുതകളും വിശദീകരണങ്ങളും പദ്ധതി പുരോഗതിയും സംബന്ധിക്കുന്ന വിവരങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ഇത് പ്രയോജനപ്പെട്ടു. ഒരുവേള കിഫ്ബിയുടെ ധനസമാഹരണ പ്രവർത്തനങ്ങളെ തടസമില്ലാതെ മുന്നോട്ട് കൊണ്ട്പോകുന്നതിൽ ഇത് സുപ്രധാനമായ ഒരു ഘടകമായിരുന്നു.<br><br>സർക്കാർ അംഗീകരിച്ചിട്ടുള്ള മീഡിയ മാനേജ്മെന്റ് ഗ്രൂപ്പാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്. കിഫ് ബോർഡ് അംഗീകരിച്ച ബജറ്റിനുള്ളിൽ നിന്നുകൊണ്ടാണ് മീഡിയ ചെലവുകളും നടത്തിവരുന്നത്. സർക്കാർ I&PRD അംഗീകരിച്ച റേറ്റുകളിൽ അടിസ്ഥാനമാക്കിയാണ് കിഫ്ബിയിലെ മീഡിയ ചെലവുകളും അംഗീകരിച്ച് നൽകിവരുന്നത്. |

| | | | |
|---|---|---|---|
| | | | ഇത്തരത്തിൽ കൃത്യമായ സംവിധാനം മീഡിയ മാനേജ്മെന്റിനായി കിഫ്ബിയിൽ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ